1B1N21072 (Pages : 3) Reg. No:…………………...

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA/B.Sc Degree Examination, November 2021**

**BML1A07(1) – MalayalaSahithyam – I**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. മലയാളത്തിലെ പ്രാചീനകവിത്രയം എന്നറിയപ്പെടുന്ന കവികളാരെല്ലാം?
2. ദശരഥൻ കൈകേയിക്ക് നൽകിയ വരങ്ങളെന്തെല്ലാമായിരുന്നു?
3. 'കടൽ' എന്ന കഥയിൽ അമ്മ മകൾക്കു നല്കാൻ ഏല്പിച്ച സംഗതിഎന്തായിരുന്നു?
4. ഗോപന്മാരും കാലികളും മയങ്ങി വീഴാനിടയായതെങ്ങനെ?
5. നാടൻ പാട്ടുകളെ 'അജ്ഞാതകർത്തൃകം' എന്ന്പറയുന്നതെന്തുകൊണ്ട്?
6. ഉണ്ണിയാർച്ച കണ്ട സ്വപ്നമെന്തായിരുന്നു?
7. മറിയക്കുട്ടിയുടെ ഭർത്താവ് എവിടെയാണ് ഉള്ളത്? അദ്ദേഹം അവിടേക്കു പോകാൻ കാരണമായതെന്ത്?
8. കുഞ്ചുവമ്മാവന്റെ ജീവിതസായാഹ്നം പ്രകാശവത്തായിരുന്നു എന്ന് കഥാകൃത്ത് സാക്ഷ്യപ്പെടുത്താൻ കാരണമെന്ത്?
9. "ഇതിനു കലാശാല എന്നല്ല, ജ്ഞാനവില്പനശാലയെന്നു വേണം പേരിടാൻ" – ആരുടെ വാക്കുകൾ, സന്ദർഭമെന്ത്?
10. കുട്ടിമോൻ പ്ലാവിലകൾ പെറുക്കിക്കൂട്ടിയത് എന്തിന്?

11. മനുഷ്യർ ധനം സമ്പാദിക്കുന്നത് എങ്ങനെയെല്ലാമാണെന്നാണ്ജ്ഞാനപ്പാനയിൽ വിവരിക്കുന്നത്?

12. സി പി ഫ്രാൻസിസ് എന്ന തയ്യൽക്കാരനെ ആവിഷ്കരിച്ചതിന്റെ പേരിൽ സർ സിപി, രാമസ്വാമി അയ്യർ നിരോധിച്ച കഥ ഏത്? ആരാണത്രചിച്ചത്?

13. കോളനിയുടെ ഭാഗത്തെയും തൊഴിലാളികളുടെ താമസസ്ഥലത്തെയും ശബ്ദങ്ങളുടെ വ്യത്യസ്തത കഥാകാരി അടയാളപ്പെടുത്തുന്നതെങ്ങനെ?

14. മലയാളത്തിലെ പ്രസിദ്ധരായ ഏതെങ്കിലും രണ്ട്കഥാകാരികളുടെ പേരെഴുതുക.

15. 'ചെറുകഥ, ഇന്നലെ ഇന്ന്' എന്ന ഗവേഷണ ഗ്രന്ഥത്തിന്റെ രചയിതാവ്താഴെ നല്കിയവരിൽ ആര്?
(ഡോ. എം.അച്യുതൻ, ഡോ. സുകുമാർ അഴീക്കോട്, ഡോ. കെ എം ജോർജ്ജ്)

(2x15= 30പരമാവധി25മാർക്ക് )

## Section B

### ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക

16. പൗരജനങ്ങൾ പരസ്പരം പറഞ്ഞതെന്തെല്ലാം?

17. ശ്രീകൃഷ്ണൻ കാളിയനെ നേരിട്ടതെങ്ങനെ?

18. സഹോദരിയുടെ ഭാവിവരന് രുഗ്മി നിർദേശിക്കുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

19. മനുഷ്യരെ ജന്മത്തിന്റെ പേരിൽ വേർത്തിരിക്കുന്ന ജാതി വ്യവസ്ഥയുടെ നേർക്കുള്ള വിമർശനമാണ്പാക്കനാരുടെ ചോദ്യങ്ങൾ. വിശദമാക്കുക?

20. മറിയക്കുട്ടികത്തിൽ തന്റെ ഭർത്താവിനോടുള്ള സ്നേഹവും ആദരവും പ്രകടമാകുന്നതെങ്ങനെ?

21.'മോഡൽ' എന്ന കഥയിലെ ശാഠ്യക്കാരനായ തയ്യൽക്കാരന്റെ സ്വഭാവത്തിലെ സവിശേഷതകൾ വിവരിക്കുക.

22.'ഒത്തു തീർപ്പുകൾ' എന്ന കഥയിലെ കുപ്പമ്മ എന്ന തൊഴിലാളി സ്ത്രീയുടെ പെരുമാറ്റങ്ങൾ എങ്ങനെയാണ്കോളനിയിൽ ചർച്ചയായത്?

23.'ആറാം കാലം' എന്ന കഥയിൽ മഴ ഒരു കഥാപാത്രമായി മാറുന്നതെങ്ങനെ?

(5x8= 50പരമാവധി35മാർക്ക് )

## Section C

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. [2 x 10 = 20]**

24.ഉണ്ണിയാർച്ച കൂത്തു കാണാൻ പോകുന്നതിന്റെ ഒരുക്കങ്ങൾ വടക്കൻ പാട്ടിൽ വിവരിക്കുന്നതെങ്ങനെ?

25.ചെറുശ്ശേരി,എഴുത്തച്ഛൻ,കുഞ്ചൻനമ്പ്യാർ എന്നിവരുടെ കാവ്യങ്ങളിലെ പ്രമേയപരമായ പ്രത്യേകതകൾ താരതമ്യം ചെയ്ത്മലയാളകവിതാസാഹിത്യത്തിൽ അവർ നല്കിയ സംഭാവനകളെ വിശകലനം ചെയ്യുക?

26.കുഞ്ഞിക്കാവമ്മയും കുഞ്ചുനായരും തമ്മിലുള്ള അപൂർവമായ ബന്ധത്തെ ഉറൂബ്വരച്ചിടുന്നതെങ്ങനെ?

27.കുട്ടിമോൻ എന്ന ബാലന്റെ കണ്ണിലൂടെ ഒരു കുടുംബത്തിലെ സംഘർഷങ്ങൾ 'ഉള്ളുരുക്കം' എന്ന കഥയിൽ എൻ.പി മുഹമ്മദ് ആവിഷ്കരിക്കുന്നതെങ്ങനെ?

(2x10= 20)

**1B1N21073** (Pages : 3) Reg. No:……………………..

Name: ………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BCOM/BBA Degree Examination, November 2021**

**BML1A07(2) – Sahithya Padanam – I**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section – A

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 മാർക്ക്‌വീതം. പരമാവധി 25 മാർക്ക്)

1. രമണീയമായ വസ്തുവിന്റെ സവിശേഷത എന്ത് ?
2. 'കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയില്ലാതായ സന്ദർഭത്തെക്കുറിച്ച് ഖേദിക്കേണ്ടി വന്നിട്ടുണ്ട്.' സാഹചര്യമെന്ത്?
3. എസ്റ്റാബ്ലിഷ്മെൻറ് എന്ന പൊൻവല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?
4. 'ബോളിവുഡ് റൊമാൻറിക് ഹീറോയുടെ അച്ചിലൊതുങ്ങാത്ത ആകാരത്തെപ്പറ്റിയുള്ള നിർദ്ദോഷമായ അഭിപ്രായ പ്രകടനമായി അതിനെ കാണാനാവില്ല.'സൂചിതമെന്ത് ?
5. 'സാമൂഹിക പ്രശ്നങ്ങൾ സംബന്ധിച്ച മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ഈ സിനിമയ്ക്ക് ലഭിച്ചത് ചലച്ചിത്ര ചരിത്രത്തിലെ വൈരുദ്ധ്യമായി. 'ഏതു സിനിമയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്? വൈരുദ്ധ്യത്തിന് കാരണമെന്ത്?
6. 'അതിനൊന്നും പറ്റില്ലെങ്കില് ഇഷ്ടം തന്നെ അതങ്ങ് പറയണം.' സന്ദർഭം എഴുതുക.
7. 'ആരു പറഞ്ഞു പോഴത്തക്കാരി ചാത്തുക്കുട്ടി നിന്റെ മോനാണെന്ന്?' - ഈ ചോദ്യത്തിന്റെ പൊരുളെന്ത് ?
8. 'ഒറ്റയ്ക്ക് വിരിയുന്ന പൂക്കളാണ് പലപ്പോഴും നമ്മളൊക്കെ.' ഇങ്ങനെ പറയുന്നതാര്? ഈ വാക്കുകൾ തെളിയുന്ന ജീവിതാവസ്ഥയെന്ത് ?

9. 'എനിക്ക് കലശലായ ദേഷ്യവും വെറുപ്പും സങ്കടവും തോന്നി.' സാഹചര്യം എന്ത്?

10. 'ആ പ്രായത്തിൽ ഞാൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് ബോധാനന്ദന്റെ കൈകളെയാണ്.' കാരണമെന്ത്?

11. ഡോക്ടർ മാണിക്യം അനുഭവിച്ച ജാതി വിവേചനമെന്ത് ?

12. നീ അമ്മയോട് പ്രായശ്ചിത്തം ചെയ്യണം. ആരാണ് ഇങ്ങനെ പറഞ്ഞത് സന്ദർഭമേത് ?

13. 'കുണ്ടെ ഹബ്ബ' എന്താണ്?

14. സാധാരണ കാഴ്ചയിൽ വിശേഷിച്ചൊന്നും തോന്നിക്കാനിടയില്ലാത്ത മരം ഒരു 'വിശുദ്ധവൃക്ഷ'മായി തോന്നാൻ കാരണമെന്ത്?

15. പൊക്കുടന് പേരുമാറ്റി കുടകിൽ ജീവിക്കേണ്ടി വന്ന സാഹചര്യം എന്ത്?

## Section - B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക്വീതം.

പരമാവധി 35 മാർക്ക്

16. ഉപയോഗത്തെ ആസ്പദമാക്കിയുള്ള സൗന്ദര്യദർശനം എന്താണ്? അതിന് ലേഖകന്റെ വിമർശനമെന്ത്?

17. 'പാഠപുസ്തക വ്യവസായം' എന്ന് എം.എൻ വിജയൻ വിമർശിക്കുന്നത് എന്തിനെയാണ്?

18. 'ആയിരം ഗൃഹകാര്യങ്ങൾ നിർവഹിക്കുന്ന വീട്ടമ്മ സ്വന്തം കുഞ്ഞിനെ അടുക്കൽ തന്നെ എന്നെ കഴിഞ്ഞു കൂടുന്നതുപോലെ...'ഇടശ്ശേരി ഇങ്ങനെ വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

19. 'അതാണ് ഉടയതമ്പുരാന് ഉപ്പും മുളകും വിൽക്കുന്ന പണിയല്ലാന്ന് പണ്ടുള്ളവർ പറഞ്ഞതിന്റെ സാരം' - സാംഗത്യമെന്ത്?

20. ധർമ്മപാലന്റെ ഭാര്യസുധ ഒരു പുരോഗമന വാദിയാണോ? നിരീക്ഷിക്കുക.

21. 'നിങ്ങൾ വിധി പറയേണ്ട ഒരു കേസിൽ ഒരു ഭാഗത്ത് ന്യായവും മറുഭാഗത്ത് നായാടിയും ഇരുന്നാൽ നിങ്ങളെന്തു തീരുമാനമാണ് എടുക്കുക?' സന്ദർഭം ഏത് ? ഈ ചോദ്യത്തിന് ധർമ്മപാലൻ നൽകിയ മറുപടി എന്ത്?

22. കുടകരുടെ ആചാര വിശ്വാസങ്ങളിൽ പലകാലങ്ങളിലായി ബ്രാഹ്മണാധിപത്യമുണ്ടായി - പരിശോധിക്കുക.

23. കുടകിന് കതിവനൂർ വീരനുമായുള്ള ബന്ധമെന്ത് ?

## Section - C

**ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (10 X 2 = 20 മാർക്ക്)**

24. മലയാളസിനിമ കറുത്ത ഉടലുകളെ പരിചരിക്കുന്നതെങ്ങനെ? എൻ.പി. സജീഷിന്റെ ലേഖനത്തെ മുൻനിർത്തി പരിശോധിക്കുക.

25. ഓട്ടോറിക്ഷക്കാരന്റെ ഭാര്യ എന്ന കഥയിലെ രാധികയെ മുൻനിർത്തി കഥയിലെ സ്ത്രീപക്ഷ ചിന്തകളെ വിലയിരുത്തുക.

26. ജാതിബോധത്തിന്റെ വിഴുപ്പുകൾ ഇന്നും ഇവിടെ അവശേഷിക്കുന്നുണ്ട്. -നൂറുസിംഹാസനങ്ങൾ മുൻനിർത്തി വിശകലനം ചെയ്യുക.

27. കുടകിന്റെ കാർഷികസംസ്കാരത്തെക്കുറിച്ച് എൻ പ്രഭാകരൻ നൽകുന്ന വിവരങ്ങൾ എന്തെല്ലാം? സംഗ്രഹിക്കുക.

1B1N21074 (Pages : 4) Reg. No:……………………..

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BAMC/CS/BVOC/GEOLOGY Degree Examination, November 2021**

**BML1A07(3) – Bashayum Sahithyavum – 1**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section – A

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 മാർക്ക് വീതം. പരമാവധി 25 മാർക്ക്)**

1. നരവംശ ശാസ്ത്ര പഠനങ്ങൾ പ്രകാരം മത വിശ്വാസം ആരംഭിച്ചത് ഏതു കാലത്താണ് ?
2. മൃഗങ്ങളെല്ലാം കടന്നുപോയാൽ മനുഷ്യന് എന്താണ് സംഭവിക്കുക ?
3. 'ഈ ഭൂമി ഞങ്ങൾക്ക് പവിത്രമാണ്.' - ഇങ്ങനെ പറയുന്നതാര്? സന്ദർഭമേത്?
4. 'വിചാരപ്പെട്ടു വിചാരപ്പെട്ട് അമ്മ പാടേ ഉണങ്ങിയിരുന്നു.' - അമ്മയുടെ വിചാരത്തിന് കാരണമെന്ത്?
5. പറമ്പിലേക്ക് നോട്ടം നട്ടിരിക്കുന്ന അച്ഛന്റെ കാഴ്ച ഉള്ളിലോട്ടാണ്"- സൂചിതമെന്ത്?
6. 'വെറുതെ തരുന്ന അന്നത്തോടൊപ്പം ഒരു കൊളുത്തു ഒളിഞ്ഞിരിപ്പുണ്ടാവുമല്ലേ...' - വിവക്ഷയെന്ത്?
7. 'ഒരു കിറുക്കനെ എന്നും നാടിനാവശ്യമാ. ഒന്നു മില്ലെങ്കിലും ഒടുവിൽ വെടിവെച്ചു കൊല്ലാമല്ലോ.' - ഇങ്ങനെ പറയുന്നതാര് ? സാഹചര്യമെന്ത്?

8. 'ശരീരത്തിലെ ഏതു കോണിലാണ് ഉറക്കം ഓടിയൊളിച്ചിരിക്കുന്നത്'

- സന്ദർഭം എഴുതുക.

9. 'സഹസ്രാബ്ദങ്ങളുടെ ദീർഘ നിദ്രയിൽ നിന്ന് അവൻ മെല്ലെ

ഉണർന്നു വരികയാണ്.' ആരെക്കുറിച്ചാണ് സൂചിപ്പിക്കുന്നത് ?

കാരണമെന്ത്?

10. 'ബഓബാബ്' എന്താണ്?

11. 'നാട്ടുകാരുടെ പട്ടണം' എന്ന് വിളിക്കുന്നത് എന്തിനെയാണ്?

12. 'ഇരുകാതം താണ്ടി ഞാൻ വരുവോളമെന്മക്കൾ

പൊരിയുകിൽച്ചാവുകിൽ തെറ്റല്ലെന്നോ?'

- ഇങ്ങനെ ചോദിക്കാനിടയായ സാഹചര്യമെന്ത്?

13. 'ധ്യാനനിരതനായ് വാഴ്കയാമിരുപതു -

നൂറ്റാണ്ടായ് മുനിയിവിടെ'- ആരെക്കുറിച്ചാണ് ഇവിടെ സൂചന?

14. 'പുഴയുടെ ഒരുമ വേണ്ടപ്പോൾ ഞാൻ

മഴയുടെ ചിതറലാവുന്നു. ' - സന്ദർഭം ഏത്?

15. 'അറിഞ്ഞുപോൽ രാജൻ, നിന -

ക്കറിയാത്തൊരാനന്ദത്തിൻ

പരമമാം രഹസ്യം ഞാ-

നൊരു കിനാവിൽ' - ആശയമെന്ത്?

## Section - B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം.

പരമാവധി 35 മാർക്ക്

16. മരണത്തെ അതിജീവിക്കാനായി സ്റ്റീഫൻ ഹോക്കിംങ് കണ്ട വഴിയെന്ത്?

17. 'ഞങ്ങളുടെ രീതികൾ നിങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്.' - സിയാറ്റിൻ മൂപ്പന്റെ ഈ വാക്കുകളുടെ പൊരുളെന്ത്?

18. ദാരിദ്ര്യം മനുഷ്യത്വത്തെത്തന്നെ ചോർത്തികളയുന്നതിന്റെ ദൃഷ്ടാന്തമാണ് വേണ്ടാംകടി എന്ന കഥ - ഇത് വ്യക്തമാക്കുന്ന ഒരു സന്ദർഭം എഴുതുക.

19. ചാത്തുവിനെക്കുറിച്ച് അച്ഛൻ പങ്കു വെച്ച ഓർമ്മകൾ എന്തെല്ലാം?

20. ഏഷ്യക്കാർക്ക് വിരലടയാളം പതിച്ച് കൊടുക്കുന്നതിൽ നിന്നും രക്ഷ കിട്ടിയ സംഭവത്തെക്കുറിച്ച് എസ്.കെ വിവരിക്കുന്നത് എങ്ങനെ?

21. 'പരിഷ്കാരിയായ വെള്ളക്കാരൻ പോലും അത്ഭുതപ്പെടുന്നതും അസൂയപ്പെടുന്നതുമായ ഒരു കാടൻ ഏർപ്പാടാണിത്' - സൂചിതമെന്ത്?

22. 'അഴിച്ചുവെച്ചോട്ടെ ഞാനീ
മകുടവു, മെൻ മുടിക്കെ -
ട്ടഴിഞ്ഞിട്ടീക്കൊടുങ്കാറ്റിൻ
കൊടിയാവട്ടേ.' - ആശയം വിശദമാക്കുക.

23. 'ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല സർ
ഒരു ജന്മത്തിന്റേയും സത്യം' - സന്ദർഭവും ആശയവും വിശദമാക്കുക.

## Section - C

ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (10 X 2 = 20 മാർക്ക്)

24. അവയവദാനത്തിന്റെ പ്രാധാന്യമെന്ത്? ജീവൻ ജോബ് തോമസിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

25. മനുഷ്യരുടെ നിരാലംബത്വത്തെ ചൂഷണം ചെയ്യുന്ന മതരാഷ്ട്രീയം കക്കുകളി എന്ന കഥയിലൂടെ അനാവൃതമാകുന്നതെങ്ങനെ ?

26. അമേരിക്കയിലേക്ക് കുടിയേറിയ ഇന്ത്യക്കാരുടെ ജീവിതാവസ്ഥകളെക്കുറിച്ച് എസ് കെ നൽകുന്ന വിവരങ്ങൾ സംഗ്രഹിക്കുക.

27. സമത്വം സാക്ഷാത്കരിക്കാൻ സമൂഹത്തിൽ വളർന്നു വന്നിട്ടുള്ള ചില കളകൾ പിഴുതെറിയണം എന്ന ദർശനത്തിലേക്ക് കവി എത്തിച്ചേർന്നതിന്റെ അനന്തര ഫലമാണ് 'ബുദ്ധനും ഞാനും നരിയും' എന്ന കവിത - വിശദമാക്കുക.?

1B1N21075 (Pages : 3) Reg. No:..........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2021**

**BML1B01 – Adunika Malayala Kavitha**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

**[2 x 15 = 30 (പരമാവധിമാർക്ക് 25)]**

1. കല്പനാസുഭഗമായ കാവ്യം എന്ന്മഹാകവി ഉള്ളൂർ പുകഴ്ത്തിയ കാവ്യം ഏതാണ്?
2. ചത്താലുമെൻ കണവനാകിയ കോമനല്ലാ -
   തുൾത്താരു മറ്റൊരു വനേക്കുകയില്ലെടോ ഞാൻ - ഏത് കവിതയിലെ വരികളാണിത്? ആരാണിങ്ങനെ പറയുന്നത്?
3. ഇക്കാണും ലോകങ്ങളീശ്വരന്റെ
   മക്കളാണെല്ലാമൊരു ജാതി - ഏത് കാവ്യത്തിലെ വരികൾ? ഇങ്ങനെ പറയുന്നതാരാണ്?
4. തിങ്ങിപ്പൊങ്ങും തമസ്സിൽ കടലിലൊരു കുടം
   പോലെ ഭൂചക്രവാളം - എന്ന് തുടങ്ങുന്ന കവിത ഏതാണ്? ഈ കാവ്യം എഴുതിയത് ആര്?
5. നാട്യ പ്രധാനം നഗരം ദരിദ്രം
   നാട്ടിൻപുറം നന്മകളാൽ സമൃദ്ധം - ഏത് കവിതയിലെ ഈരടികളാണിത്? എഴുതിയത് ആര്?
6. സർപ്പക്കാവ് എന്ന കവിതയിലൂടെ തെളിയുന്ന കവിയുടെ ജീവിത ദർശനം എന്ത്?
7. കാലിണ കെട്ടട്ടേ നേരിയ വാക്കിന്റെ
   നൂലിനാലോമനേ ! നോവിക്കാതെ - കവി ആരോടാണിങ്ങനെ പറയുന്നത്?
8. 'എങ്ങെഴുനേല്പാൻ പിടയും മാനുഷ -
   നവിടെ ജ്ജീവിച്ചീടുന്നു ഞാൻ' - എന്ന് പറഞ്ഞ കവിയാര്? കവിത ഏത്?
9. " വെളിച്ചം ദുഃഖമാണുണ്ണീ,
   തമസ്സല്ലോ സുഖപ്രദം " - ഈ വരികളിലെ സാംഗത്യമെന്ത്?
10. ചോറൂണ് എന്ന കവിതയുടെ പ്രമേയമെന്ത്?
11. "ഉണ്ണീ മറക്കായ്ക പക്ഷേ, യൊരമ്മതൻ
    നെഞ്ഞിൽ നിന്നുണ്ട മധുരമൊരിക്കലും " - ഈ വരികളിലെ അർത്ഥവ്യാപ്തിയെന്ത്?

12. മണി മുഴക്കം മരണദിനത്തിന്റെ

മണി മുഴക്കം മധുരം! വരുന്നു ഞാൻ - ഏത്കവിതയിലെ വരികൾ? ഇങ്ങനെ പറഞ്ഞ കവി ആര്?

13. "ഇന്നലെ തിരക്കേറും കിഴക്കേക്കോട്ടയ്ക്കുള്ളിൽ നിന്നു

ഞാനൊരു സന്ധ്യാകീർത്തനമേവം കേട്ടേൻ " ഇങ്ങനെ ആരംഭിക്കുന്ന കവിത ഏത് ? എഴുതിയത് ആര് ?

14. "അരിവെപ്പോന്റെതീയിൽച്ചെ

ന്നീയാമ്പാറ്റപതിക്കയാൽ പിറ്റേന്നിടവഴിക്കുണ്ടിൽ

ക്കാൺമൂശിശുശവങ്ങളെ" – ഈ വരികളിൽ തെളിയുന്ന ജീവിതയാഥാർത്ഥ്യമെന്ത്?

15. വിലാപകാവ്യങ്ങൾ എന്നാൽ എന്ത്?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

**[5 x 8 = 40 (പരമാവധിമാർക്ക് 35)]**

16. 'ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര

ദ്വിഷ്ടത്വത്താലൊരുവനുളവാം മാന നഷ്ടത്തിനാലും

കഷ്ടപ്പെട്ടപ്പുരുഷനൊരുനാലഞ്ചു കൊല്ലം കഴിച്ചാൻ

ദിഷ്ടക്കേടാൽവരുവതുപരിഹാരമില്ലാത്തതല്ലോ' - ഇവിടെ പരാമർശിക്കുന്ന വസ്തുത എന്ത്?

17. "പുല്ലാണിനിക്കു പടയാളികൾ, നിൻ കടക്കൺ

തല്ലാണു തേൻ മൊഴി, തടുത്തിടുവാൻ ഞെരുക്കം

തെല്ലാകയാൽ തെളിവിയന്നു തുണയ്ക്കണം നീ-

യല്ലായ്കിലാങ്ങളകൾ തൻ പണി പെങ്ങൾ ചെയ്യും " - സന്ദർഭവും ആശയവും വിശദമാക്കുക.

18. "ഇരുണ്ടു നീണ്ടെന്തിനു? ഹന്തിനോക്കുവിൻ

കരണ്ടിടുന്നു കരപത്രമെന്നപോൽ

ദന്ത പംക്തിയാൽ ഉടക്കിവാനാമൊരു ചെമ്പുപാളിയെ" - പർവ്വതവർണ്ണന വിശദമാക്കുക.

19. "കാശിയിൽ വെച്ചു കുളി കഴിഞ്ഞു

ഈശനെക്കാണുവാൻ പോയപ്പോളുണ്ടായ

പേശലിതുകേൾക്കയോഗപ്പെണ്ണേ!"

ഇവിടെ പരാമർശിക്കപ്പെടുന്ന കഥയേതാണ് വ്യക്തമാക്കുക.?

20. "ലോകം ഭംഗം നരന്മാർ നടരിതുവളരെ
സ്സാരമാംതത്ത്വമെങ്ങോ
പോകട്ടെ, മാംസമേദോമലകലിതമുടൽ -
ക്കെട്ടിതുൽകൃഷ്ടമാണോ?
ഈ ശ്ലോകത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാക്കുക.

21. "പഴകിയതരുവല്ലിമാറ്റിടാം
പുഴയൊഴുകുംവഴിവേറെയാക്കിടാം
കഴിയുമവ - മനസ്വിമാർമന-
സൊഴിവതശക്യമൊരാളിലൂന്നിയാൽ " – ആശയം വ്യക്തമാക്കുക.

22. അന്ധതയിൽകുടിവെച്ചു പെരുത്തൊരു
ദേവതമാരേ, നിങ്ങടെപടലാൽ
നൊന്തുഞെരങ്ങിമാനവജീവിതം,
അഗ്നികൊളുത്തുകയായിഞങ്ങൾ - ഇവിടെ തെളിയുന്ന കവിയുടെ
തത്ത്വശാസ്ത്രം വിശദമാക്കുക.

23. എങ്ങു മനുഷ്യനുചങ്ങല കൈകളി -
ലങ്ങെൻ കൈയ്യുകൾ നൊന്തീടുകയാ -
ണെങ്ങോമർദ്ദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു. - സന്ദർഭവും ആശയവും വിശദമാക്കുക.

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. [2 x 10 = 20]**

24. മനുഷ്യജീവിതത്തെ സംബന്ധിച്ച ധാരാളം തത്വചിന്തകൾ അവതരിപ്പിക്കുന്ന കവിയാണ്കുമാരനാശാൻ , ലീലയിൽ തെളിയുന്ന കവിയുടെ തത്വചിന്തകൾ സംഗ്രഹിക്കുക.
25. ഭാഷാപ്രതിരോധത്തിന്റെ ഭാഗമായ പച്ചമലയാളപ്രസ്ഥാനത്തിൽ പെട്ട കൃതിയെന്ന നിലയിൽ കോമപ്പനെ വിലയിരുത്തുക.
26. ജാതിക്കെതിരെയും മനുഷ്യ സ്വാതന്ത്ര്യത്തിനും വേണ്ടി നില കൊള്ളുന്ന് ഒരു കൃതിയെന്ന നിലയിൽ 'ജാതിക്കുമ്മി' –എന്ന കവിതയെ വിലയിരുത്തുക.
27. വിശ്വമാനവികതയിൽ ഊന്നിയ ഒരു സ്നേഹസങ്കല്പമാണ് ആഫ്രിക്ക എന്ന കവിതയിലൂടെ തെളിയുന്നത്– വിലയിരുത്തുക.

1B1N21076 (Pages : 2) Reg. No:.....................

Name:.....................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2021**

**BML1C01 – Kerala PadanamPoorvakalaKeralam**

(2019Admission onwards)

Time: 1 ½ hours Max. Marks : 40

## Section A

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. കേരള ചരിത്ര പഠനത്തിൽ 'തുഹ്ഫത്തുൽ മുജാഹിദീനി'നുള്ള സ്ഥാനമെന്ത്?
2. കേരളം എന്ന ദേശത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന മറ്റു പേരുകളെന്തെല്ലാം?
3. ഐന്തിണകളിൽ കേരളം ഉൾപ്പെടുന്ന ഭൂവിഭാഗങ്ങൾ ഏതെല്ലാം?
4. കേരള ചരിത്രത്തിന് ഉപാദാനമാക്കാവുന്ന രണ്ട് വാമൊഴി സാഹിത്യങ്ങളുടെ പേരെഴുതുക
5. കേരളം സന്ദർശിച്ച അറബിസഞ്ചാരികൾ ആരെല്ലാം?
6. ഗ്രന്ഥവരികൾ എന്നാലെന്ത്?

(6x2= 12 പരമാവധി 10 മാർക്ക്)

## Section B

### ഒരുഖണ്ഡികയിൽകവിയാതെഉത്തരമെഴുതുക

7. ചരിത്രവും സംസ്കാരപഠനവും തമ്മിലുള്ള ബന്ധമെന്ത്?
8. കേരള ചരിത്രരചനയിൽ ഹെർമൻഗുണ്ടർട്ടിന്റെ സംഭാവനകളെന്ത്?
9. അറബിക്കടലുമായി കേരളത്തിനുള്ള ഭൂമിശാസ്ത്രപരമായ ബന്ധങ്ങളെന്തെല്ലാം?
10. പശ്ചിമഘട്ടം കേരളത്തിന്റെ സംസ്കാരത്തെ സ്വാധീനിച്ചതെങ്ങനെ?
11. ഐന്തിണകൾ ഏതെല്ലാം?. അവയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെന്ത്?
12. പ്രാചീന കേരളത്തിലെ അടിമസമ്പ്രദായത്തെ കുറിച്ച് വിവരിക്കുക .

(6x4= 24 പരമാവധി 20 മാർക്ക് )

## Section C

### ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക

13. കേരള രൂപീകരണ ചരിത്രത്തിൽ പരശുരാമകഥക്കുള്ള സ്ഥാനം വിമർശനാത്മകമായി വിശകലനം ചെയ്യുക.
14. പ്രാചീന കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ കുറിപ്പുകളുടെ ചരിത്രപരമായ പ്രാധാന്യം വിശദമാക്കുക.

(1x10= 10)

1B1N21084 (Pages : 1) Reg. No:.......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2021**

**BJS1C01 – Introduction to Communication and Journalism**

(2019 Admission onwards)

Time: 1.5 hours Max. Marks : 40

**Part A**

**All questions may be answered. Each question carries 2 marks.**

1. Explain the term *'Sahridaya'* in Indian Communication Theory.
2. Media ethics
3. Community Radio
4. Interactivity in Digital media
5. Libel and Slander
6. Define Mass Communication
7. Club house

**Ceiling: 10 marks**

**Part B**

**All questions may be answered . Each question carries 5 marks.**

8. Explain Berlo's model of Communication.
9. Compare and contrast the scope and limitations of Radio and T.V.
10. 'Information is power and it can also be a potent tool for creating division in society' – Discuss in the context of Social Media systems of information dissemination.
11. What are the salient features of RTI? How it can be best used for investigative journalism?
12. Critically evaluate Wilbur Schramm's Model of communication.

**Ceiling: 20 marks**

**Part C**

**Answer any one of the following questions.**

13. Internet enabled technology is offering challenges and opportunities to Radio and Television. Discuss.
14. Detail the elements and types of communication.

**(1x10=10 marks)**